# Mathrubhumi

## 22 August 2018

## Kochi, After Flood, Flood Victims



വീണ്ടെടുക്കും നാടിനെ

# കീഴ്മേൽ മറിഞ്ഞ ജീവിതങ്ങൾ

**2,453 പേരാണ് സെയ്ന്റ് ആൽബർട്സ് കോളേജിലെ ക്യാമ്പിൽ**

**കൊച്ചി ▸** മെല്ലെ പിച്ചവച്ച് തുടങ്ങുന്നതേയുള്ളൂ മേഴ്സി (56). തുടയിലെ അർബുദത്തോട് പൊരുതിയ വീര്യം ഇപ്പോഴും വാക്കുകളിലുണ്ട്. പക്ഷേ, വെള്ളം കുതിച്ചുകയറിയെത്തിയ ആ ദിവസത്തെക്കുറിച്ച് ഓർക്കുമ്പോൾ നെഞ്ചു പിടയും.

'ജനാലേടെ അത്രേം പൊക്കത്തില് വീട്ടിൽ വെള്ളം കയറി. ഇനി അവിടെ ഒന്നൂല്ല... എല്ലാം നഷ്ടപ്പെട്ടു. ഈ ആയുസ്സ് സ്വരുക്കൂട്ടിയതാണ്' – കോതാട് കോരാമ്പാടം ചെറിയ വട്ടപ്പറമ്പിൽ മേഴ്സിയും കുടുംബവും ഇപ്പോൾ എറണാകുളം സെയ്ന്റ് ആൽബർട്സ് കോളേജിലെ ദുരിതാശ്വാസ ക്യാമ്പിലാണ്.

ശസ്ത്രക്രിയ കഴിഞ്ഞ് വിശ്രമിക്കുന്നതിനിടെയാണ് പ്രളയമെത്തിയത്. വളരെ ശ്രമപ്പെട്ടാണ് വീട്ടിൽ നിന്ന് ക്യാമ്പിലേക്കെത്തിയതെന്ന് മേഴ്സി പറയുന്നു. നടക്കുന്നതിന് മറ്റുള്ളവരുടെ സഹായം വേണം. ക്യാമ്പിൽ രണ്ടു ബെഞ്ചുകൾ കൂട്ടിയിട്ടാണ് മേഴ്സിക്ക് കിടക്കാനുള്ള ഇടമൊരുക്കിയിരിക്കുന്നത്. ക്യാമ്പിൽ ഒപ്പമുള്ളവരാണ് ബാത്ത്റൂമിൽ പോകാൻ സഹായിക്കുന്നത്. ഭർത്താവ് ജോസഫിന് കൂലിപ്പണിയാണ്.

കിടപ്പുരോഗികളായ ഏതാനും പേർ കൂടിയുണ്ട് മേഴ്സിക്ക് ചുറ്റും. കോതാട് കോരാമ്പാടം ചിറ്റംകോട്ട് ജോർജിന്റെ (75) ജീവിതവും വ്യത്യസ്തമല്ല. വൃക്കയിൽ പഴുപ്പ് കയറി ശസ്ത്രക്രിയ കഴിഞ്ഞതാണ്. മൂത്രം പോകാൻ കുഴലിട്ടിരിക്കുകയാണ്. ഒൻപതു വർഷമായി കിടപ്പിലാണ്. ക്യാമ്പിനുള്ളിലെ മുറിയിൽ ഈ കുഴലും മൂത്രബാഗുമായി കഴിയുകയാണ് ജോർജ്.

ഭാര്യ റീത്ത (60) വീട്ടുവേലയ്ക്ക് പോകുന്നുണ്ട്. മക്കളില്ല.

'ഞാൻ പണിയെടുക്കുന്നത് കൊണ്ടാ ഞങ്ങള് കഴിയണത്. ഇടയ്ക്ക് വീട് പൊളിഞ്ഞുവീണു. ചിലരൊക്കെ സഹായിച്ച് അത് ഷീറ്റൊക്കെയിട്ട് പുതുക്കി പണിതതാ. വെള്ളം കയറിയപ്പോ അതൊക്കെ പോയിട്ടുണ്ടാകും' – റീത്തയുടെ വാക്കുകൾ.

### എല്ലാം കൈവിട്ടു പോയല്ലോ

വൈകല്യങ്ങളോട് പൊരുതി സ്വരുക്കൂട്ടിയതാണ് കോതാട് ചെറിയ കടവിൽ സെബാസ്റ്റ്യന്റെ ജീവിതം. കുതിച്ചുകയറിയെത്തിയ വെള്ളം ഒരു നിമിഷം കൊണ്ട് എല്ലാം കീഴ്മേൽ മറിച്ചു.

കോരാമ്പാടം പാലത്തിന് കിഴക്കുവശത്താണ് സെബാസ്റ്റ്യന്റെ വീട്.മുച്ചക്ര സ്കൂട്ടറിൽ നാടുചുറ്റി ലോട്ടറി വിൽക്കും. രണ്ടു വർഷം മുൻപ് ഭാര്യ മരിച്ചു. മകൻ ഇമ്മാനുവേലിന് ഒൻപതു വയസ്സ്.

പതിവുപോലെ പിറ്റേന്ന് വിൽക്കാനുള്ള ലോട്ടറി ടിക്കറ്റുകൾ 14-ന് വാങ്ങിവച്ചു. പക്ഷേ, കണക്കുകൂട്ടൽ തെറ്റിച്ച് പ്രളയമെത്തി. 16-നായിരുന്നു നറുക്കെടുപ്പ്. ഒന്നും വിൽക്കാനായില്ല. എല്ലാം ഇപ്പോഴും കൈയിലുണ്ട്, ഭദ്രമായി. വീടും ലോട്ടറി വിൽക്കാൻ പോകുന്ന മുച്ചക്ര സ്കൂട്ടറുമെല്ലാം വെള്ളത്തിനടിയിലായി. കൈകുത്തി നിരങ്ങിയാണ് സെബാസ്റ്റ്യൻ നടക്കുന്നത്. തുണിയലക്കുന്നതിന്റെ ബുദ്ധിമുട്ട് കണ്ട് സഹോദരങ്ങൾ ഒരു വാഷിങ് മെഷീൻ വാങ്ങി നൽകി. അതും വെള്ളത്തിൽ നശിച്ചു.

പ്രളയത്തിൽ നിന്ന് രക്ഷ നേടി 2,453 പേരാണ് എറണാകുളം സെയ്ന്റ് ആൽബർട്സ് കോളേജിലേക്ക് എത്തിയത്. കോതാട്, ചേന്നൂർ, ചരിയംതുരുത്ത്, പാനായിക്കുളം, കൂനമ്മാവ്, വരാപ്പുഴ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് ക്യാമ്പിൽ.

നഷ്ടഭാഗ്യം...

▶ വീട് വെള്ളത്തിൽ മുങ്ങി സെയ്ന്റ് ആൽബർട്സ് കോളേജിലെ ദുരിതാശ്വാസ ക്യാമ്പിൽ എത്തിയ അംഗപരിമിതനായ ലോട്ടറി വിൽപ്പനക്കാരൻ കോതാട് ചെറിയകടവിൽ സെബാസ്റ്റ്യൻ. കഴിഞ്ഞ വ്യാഴാഴ്ച നറുക്കെടുക്കേണ്ടിയിരുന്ന ടിക്കറ്റുകളാണ് കൈയ്യിൽ